Adjournment Motions

Police excesses on the agricultural labourers in Thazhakara at Mavelikara

[9 A. M.]

മി. സ്പീക്കർ: കഴിഞ്ഞ ദിവസം ശ്രീ. പി. കെ. കുഞ്ഞച്ചൻ നോട്ടീസ് കൊടുത്ത അടിയന്തിര പ്രമേയത്തിനെപ്പറ്റി ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രിക്ക് സംസാരിക്കാം.

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ): സർ, ബഹുമാനപ്പെട്ട മെമ്പർ പി. കെ. കുഞ്ഞച്ചൻ കഴിഞ്ഞ ദിവസം തഴക്കര ഗ്രാമത്തിലെ ചില സംഭവത്തെ സംബന്ധിച്ച് ഒരു അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകുകയുണ്ടായി. കുട്ടനാടൻ പ്രദേശങ്ങളിൽ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ അനുയായികളും, മറ്റു വിഭാഗത്തിൽപ്പെട്ട കർഷകത്തൊഴിലാളികളും തമ്മിൽ ചില തർക്കങ്ങളും ഉത്ഭവിക്കുകയുണ്ടായി. കർഷകത്തൊഴിലാളികളുടെ കൂലിയെ സംബന്ധിച്ചാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നിയന്ത്രണത്തിലുള്ള തൊഴിലാളികളും മറ്റ് തൊഴിലാളികളും തമ്മിൽ തർക്കമുണ്ടായത്. ഇപ്പോഴത്തെ നിലവിലുള്ള കൂലി വ്യവസ്ഥ അനുസരിച്ച് ജോലിയെടുക്കാൻ തയ്യാറായി മുൻപോട്ടുവന്ന തൊഴിലാളികളെ മാർക്സിസ്റ്റ് പാർട്ടിയുടെ നിയന്ത്രണത്തിലുള്ള തൊഴിലാളികൾ തടസ്സപ്പെടുത്തുകയും അവരുടെ കൊയ്ത്തിന് വിഘാതമുണ്ടാക്കുകയും ചെയ്തു. നിയമവിരുദ്ധമായ തടസ്സപ്പെടുത്തലുകൾ ഇല്ലാതാക്കേണ്ടത് പോലീസിന്റെ ചുമതലയായിരുന്നു. ചില പ്രദേശങ്ങളിൽ ശക്തി ഉപയോഗിച്ചും നിയമ വിരുദ്ധമായും കൊയ്ത കറ്റകൾകൊണ്ടു പോകുന്നതിനെ മാർക്സിസ്റ്റ് തൊഴിലാളികൾ തടയുകയും ചെയ്തു. ഈ കാര്യത്തിലും പോലീസിന് നടപടികൾ എടുക്കേണ്ടതായി വന്നു. അതിൽപ്പെട്ട ഒരു സംഭവമാണ് ബഹുമാനപ്പെട്ട കുഞ്ഞച്ചൻ ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. മാവേലിക്കരയിലെ തഴക്കര ഗ്രാമത്തിലെ മാത്യൂവർഗീസ് എന്ന ഒരാളിന്റെ നെൽവയലിൽ മാർക്സിസ്റ്റ് തൊഴിലാളികൾ പ്രവേശിക്കുകയും കൊയ്ത്ത് നടത്തുകയും ചെയ്തു. അങ്ങനെ കൊയ്ത കറ്റകൾ മാറ്റുകയും ചെയ്തു. പോലീസ് ഇതു സംബന്ധമായി ഐ. പി. സി. 143, 147, 148, 149, 379 തുടങ്ങിയ വകുപ്പുകൾ പ്രകാരം 12/70 ക്രൈം നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജനുവരി 10-ാം തീയതി അന്വേഷണ സമയത്ത് 17 സ്ത്രീകളടക്കം 79 ആളുകൾ അനധികൃതമായി നെല്ല് മെതിക്കുന്നതായി പോലീസ് കണ്ടു. അവരിൽ പലരുടെ കയ്യിലും വാരിക്കുന്തങ്ങളും ഇരുമ്പു വടികളും ഉണ്ടായിരുന്നതായാണ് എനിക്ക് കിട്ടിയ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. കല്ല് ശേഖരിച്ചിരുന്നതായും പറയുന്നു. പോലീസ് പാർട്ടി അവിടെച്ചെന്ന് ആയുധങ്ങൾ താഴെ വയ്ക്കാൻ ആവശ്യപ്പെടുകയുണ്ടായി. അവർ അതിന് കൂട്ടാക്കാതെ പോലീസിനെ എതിർത്തതുകൊണ്ട് പോലീസ് നിർബന്ധപൂർവം അവരെ നിരായുധരാക്കുകയാണ് ചെയ്തത്. ഈ ഏർപ്പാടിനിടയിൽ ചിലർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. 11-ഓളം തൊഴിലാളികൾക്ക് പരിക്ക് പറ്റി. 79 പേരേയും അറസ്റ്റ് ചെയ്ത്---കോടതിയുടെ മുൻപാകെ ഹാജരാക്കി റിമാൻറിൽ വച്ചു. വെളുത്തകുഞ്ഞ്, കൃഷ്ണനുണ്ണിത്താൻ എന്ന രണ്ടാളുകളുടെ പേരാണ് ഇവിടെ കൊടുത്ത നോട്ടീസിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ ഈ 79 പേരേയും അറസ്റ്റ് ചെയ്ത പോലീസ് മജിസ്ട്രേട്ടിന്റെ മുൻപിൽ കൊണ്ടുവന്നു. അവരെ റിമാൻറിൽ വയ്ക്കാൻ ഉത്തരവായി. പോലീസ് അവശ്യത്തിലധികം ബലം ഈ കാര്യത്തിൽ പ്രയോഗിച്ചിട്ടില്ല. ക്രൈം നമ്പർ 5/70 പ്രകാരം മാവേലിക്കര പോലീസ് ഐ.പി.സി. 143, 147, 148, 447 തുടങ്ങിയ സെക്ഷൻ അനുസരിച്ച് നേരത്തെ ഒരു സംഭവത്തെ തുടർന്ന് പി.ആർ. ജനാർദ്ദ

LIBRARY ARCHIVES Kerala Legislative Assembly

നനേയും മറ്റു 12 പേരേയും അറസ്റ്റ് ചെയ്യുകയുണ്ടായി. യോഹന്നാൻ എന്ന ഒരാളിന്റെ പാടത്തുള്ള ഉഴവ് തടസ്സപ്പെടുത്തുകയുണ്ടായി. പോലീസ് സ്ഥലം വിട്ടപ്പോൾ കേസിന് വിധേയരായ ആളുകൾ മുള്ളും കുപ്പിച്ചില്ലും പാടത്ത് വിതറുകയുണ്ടായി. അവിടെ വിത നടത്താൻ സാധിച്ചിട്ടില്ല. അതേ സംബന്ധിച്ച് ട്രസ്പാസിന് കുറെപേരേ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ മാതിരിയുള്ള രണ്ടു സംഭവത്തെ സംബന്ധിച്ചാണ് അദ്ദേഹത്തിന്റെ നോട്ടീസിൽ സൂചിപ്പിച്ചിട്ടുള്ളത്. പിടി കിട്ടാതിരുന്ന ആളുകളെ പിടിക്കുന്നതിനു വേണ്ടി പോലീസ് ചില വീടുകൾ പരിശോധിച്ചിരുന്നു. ആയുധങ്ങളുണ്ടോ എന്ന് നോക്കുന്നതിനു വേണ്ടി വീടുകൾ പരിശോധിച്ചിരുന്നു എന്നുള്ളത് വാസ്തവമാണ്. എന്നാൽ യാതൊരു വിധത്തിലുള്ള ബലപ്രയോഗവും ഈ കാര്യത്തിലുണ്ടായിട്ടില്ല. എന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കുട്ടനാടൻ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഇപ്പോഴും അവിടെ ഈ മാതിരിയുള്ള സംഘട്ടനങ്ങൾ പലയിടത്തും തുടർന്നുവരികയാണെന്നുള്ള വിവരം കിട്ടിക്കൊണ്ടിരിക്കുകയാണ്. പോലീസ് ഈ മാതിരിയുള്ള കാര്യത്തിൽ കർശനമായ നടപടി സ്വീകരിക്കാത്ത പക്ഷം അവിടെ ഈ സംഭവങ്ങൾ പടരുവാനും അരക്ഷിതാവസ്ഥ ഉണ്ടാകാനും സാദ്ധ്യതയുണ്ട്. ഈ കാര്യത്തിലുള്ള ബന്ധപ്പെട്ട കക്ഷികളുടെ ആവലാതിയെ സംബന്ധിച്ചിടത്തോളം പോലീസ് ഇടപെടുകയും അതനുസരിച്ച് നിയമ വിരുദ്ധമായി പ്രവർത്തിച്ചതിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്യുകയും മാത്രമാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് ഇത് അടിയന്തിര പ്രമേയമായി ചർച്ചചെയ്യേണ്ട യാതൊരാവശ്യവുമില്ലെന്നാണ് എനിക്ക് ബോധിപ്പിക്കാനുള്ളത്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: മന്ത്രി ഇവിടെ പറഞ്ഞ കാര്യം സത്യവുമായി പുലബന്ധം പോലുമില്ലാത്തതാണ്.

(ഈ സമയം ഭരണകക്ഷിയിൽപ്പെട്ട പല മെമ്പറൻമാരും പുലബന്ധമില്ലാത്തതാണ് എന്നത് പിൻവലിക്കണമെന്ന് പറഞ്ഞു).

മി. സ്പീക്കർ: ആർഡർ, ആർഡർ. ഇതേ സംബന്ധിച്ച് എന്തെങ്കിലും ചോദിക്കാനോ പറയാനോ അവകാശമുള്ളത് ശ്രീ. പി. കെ. കുഞ്ഞച്ചന് മാത്രമാണ്. അദ്ദേഹമാണ് അടിയന്തിരപ്രമേയം കൊണ്ടുവന്നത്. പക്ഷേ ചോദ്യം ചോദിക്കുമ്പോൾ 'സത്യവുമായി പുലബന്ധം പോലുമില്ലാത്തതാണ്' എന്നു പറയുന്നത് ശരിയല്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: എനിക്ക് ഒരു കാര്യം ചോദിക്കാനുള്ള സൗകര്യം തരണം. ഈ കേസ് സംബന്ധമായ എഫ്. ഐ. ആറിന്റെ കാപ്പി മേശപ്പുറത്ത് വയ്ക്കാമോ? ഇത് ഒരു തൊഴിൽ പ്രശ്നമെന്നുള്ള നിലയ്ക്ക് കഴിഞ്ഞകൊല്ലം കൊടുത്തിരുന്ന ആനുകൂല്യം കൊടുക്കണമെന്ന് ആവശ്യപ്പെട്ടതല്ലാതെ അവിടെ വേറെ യാതൊന്നും ഉണ്ടായിട്ടില്ല. സ്ത്രീകളെ പിടിച്ച് വാനിൽകയറ്റി ഗൂഹ്യപ്രദേശത്ത് ലാത്തികൊണ്ട് കുത്തിയ പോലീസിന്റെ പ്രവൃത്തിയെക്കുറിച്ച് അന്വേഷിക്കാൻ തയ്യാറാകുമോ?

മി. സ്പീക്കർ: അതേപ്പറ്റി ഒരു തർക്കത്തിന്റെ ആവശ്യമില്ല. മന്ത്രിക്ക് കിട്ടിയ റിപ്പോർട്ടനുസരിച്ചുള്ള വിവരങ്ങൾ വച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. അതിനെ ചെല്ലുവിളിക്കേണ്ടതായ കാര്യമൊന്നുമില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: എനിക്ക് പറയാനുള്ളത് ഇതിനെക്കുറിച്ച് ഒരു ചർച്ച അനുവദിക്കണമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി. കെ. ആർ. ഗൗരി: ഞങ്ങൾക്ക് ഇതിനെക്കുറിച്ച് പലതും പറയാനുണ്ട്. അവിടെ പോലീസ് സ്ത്രീകളെ അപമാനിച്ചു. മാത്രമല്ല കാർഷികത്തൊഴിലാളികളെ മർദ്ദിക്കുന്ന ഒരു സാഹചര്യമാണ് ഇന്ന് അവിടെ നിലകൊള്ളുന്നത്. അതുകൊണ്ട് ഇതേക്കുറിച്ച് ഇവിടെ ചർച്ച ചെയ്യണം.

ശ്രീ. ടി. എ. മജീദ്: അടിയന്തിര പ്രമേയത്തിന്റെ ചർച്ച തുടങ്ങിയോ?

ശ്രീമതി കെ. ആർ. ഗൗരി: റിപ്പോർട്ടിൽ നിന്ന് മന്ത്രിക്ക് കിട്ടിയ വിവരമെന്ന് പറഞ്ഞാൽ അത് ശരിയാകുകയില്ല. അവിടെ തൊഴിലാളികളും അരിവാളുമായിട്ടാണ് കൊയ്യാൻ പോകുന്നത്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സത്യവുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്. അതുകൊണ്ട് ചർച്ച അനുവദിക്കണം.

മി. സ്പീക്കർ: രണ്ടു ഭാഗത്തുനിന്നും പറഞ്ഞത് കേട്ടു കഴിഞ്ഞു. ഇതേ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് കിട്ടിയ വിവരങ്ങളും വച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. അതേപ്പറ്റി അഭിപ്രായ വ്യത്യാസങ്ങളും കണ്ടേക്കാം. ഇല്ലെന്നു പറയുന്നില്ല. ഏതായാലും ഇപ്പോൾ അവിടെ അടിയന്തിരമായ സംഭവവികാസങ്ങളുണ്ടാകുന്ന ഒരു അവസരം ഇല്ലെന്ന്.....

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഉണ്ട്. നെല്ല് മോഷ്ടിച്ചു എന്ന് പറഞ്ഞുകൊണ്ട് എഫ്. ഐ. ആറിൽ എഴുതി അവിടുത്തെ പഞ്ചായത്ത് വൈസ് പ്രസിഡന്റ് വെളുത്ത കുഞ്ഞിനേയും, കാർഷിക തൊഴിലാളിയൂണിയൻ താലൂക്ക് കമ്മിറ്റി സെക്രട്ടറിയേയും പോലീസ് അറസ്റ്റ് ചെയ്തിരിക്കുകയാണ്. അവിടുത്തെ പഞ്ചായത്ത് മെമ്പർ നാരായണന്റെ ഭാര്യ പോലീസ് മർദ്ദനമേറ്റ് മരണവുമായി മല്ലിട്ടുകൊണ്ടിരിക്കുകയാണ്. വീടുകയറിതോറും കയറി ഇറങ്ങി പോലീസ് കണ്ണിൽകണ്ടവരെയെല്ലാം മർദ്ദിക്കുകയാണ്. അതുകൊണ്ടാണ് പറഞ്ഞത്, ഇത് ഗൗരവതരമായ കാര്യമാണ് ചർച്ച ചെയ്യണമെന്ന്.

ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ആ സ്ഥലത്ത് പോയി കണ്ട് ഉത്തരവാദിത്വബോധത്തോടുകൂടി സംസാരിക്കുന്ന എം. എൽ. എ. മാർ ഒരു വശത്ത്, ഉദ്യോഗസ്ഥൻമാരിൽനിന്ന് മന്ത്രിക്ക് കിട്ടിയ റിപ്പോർട്ട് മറുവശത്ത്, ഈ രണ്ട് വെർഷനുമുള്ള സ്ഥിതിക്ക് ഇത് ചർച്ച ചെയ്യണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഇത് ചർച്ചചെയ്യുകയില്ലെന്നാണെങ്കിൽ ഞാൻ പ്രായോഗികമായ ഒരു നിർദ്ദേശം വയ്ക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പറൻമാർ പറയുന്നതിൽ സത്യമേത്, ബഹുമാനപ്പെട്ട മന്ത്രി പറയുന്നതിൽ സത്യമേത്, അത് തെളിയിക്കുന്നതിന് ഈ സഭയിൽ നിന്ന് ഒരു പ്രതിനിധി സംഘം സ്ഥലത്തു പോകട്ടെ, അന്വേഷിക്കട്ടെ. അതല്ലാതെ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് മാത്രമേ സത്യമാകുകയുള്ളു, അവിടെ പോയി കണ്ടിട്ടുള്ള എം. എൽ. എ. മാർ പറയുന്നത് സത്യമാകുകയില്ലെന്നുള്ള അടിസ്ഥാനത്തിൽ പറയുന്നത് ശരിയല്ല. ഇതേ സംബന്ധിച്ച് മാത്രമല്ല ഞാൻ പറയാൻ പോകുന്നത്. ഇവിടെ നടക്കുന്ന പോലീസ് ആക്രമണത്തെ സംബന്ധിച്ച്, സി. ആർ. പി. ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് എല്ലാംതന്നെ രണ്ട് വെർഷനുള്ളതിൽ ഏതുശരി, ഏതു തെറ്റ് എന്ന് നോക്കുന്നതിന് ഈ സഭയിൽനിന്ന് ഒരു പ്രതിനിധി സംഘം സ്ഥലത്ത്പോകട്ടെ, അങ്ങനെയല്ലാതെ പ്രതിപക്ഷം പറയുന്നത് മുഴുവൻ അസത്യമാകണമെന്നുള്ള നിലപാട് ഭരണകക്ഷി എടുക്കുന്നത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : ഇവിടെ പരസ്പരം ഒരു വാദം സൃഷ്ടിക്കപ്പെട്ടുഎന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറയുകയുണ്ടായി. ആ വാദത്തിന്റെ അടിസ്ഥാനപരമായ കാര്യം ഒരു ക്രിമിനൽ കേസിന്റെ അന്വേഷണത്തിന് വിധേയമായി നിൽക്കുകയാണ്. നിഷ്പക്ഷമായി ഈ പ്രശ്നം കൈകാര്യം ചെയ്യാൻ ഇവിടത്തെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് കഴിവില്ല എന്ന വാദഗതി ഇവിടെ വന്നിട്ടില്ല. അഥവാ കഴിവില്ലെന്ന വാദഗതി വന്നാൽ, എനിക്ക് ബഹുമാനപ്പെട്ട സഭയുടെ മുമ്പിലും പ്രതിപക്ഷ നേതാവിന്റെ മുമ്പിലും വയ്ക്കാനുള്ളത് ഇത്തരം സന്ദർഭങ്ങളിൽ മുമ്പൊക്കെ വന്നപ്പോഴും ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്തിരുന്ന അന്നത്തെ മുഖ്യമന്ത്രി പറഞ്ഞ സമാധാനം എന്തായിരുന്നു എന്നും, എടുത്ത നില എന്തായിരുന്നു എന്നും പരിശോധിച്ചു നോക്കിയാൽ ഇപ്പോഴത്തെ വാദം അടിസ്ഥാനരഹിതമാണെന്ന് ബോദ്ധ്യപ്പെടും. ഒന്നാമത് ഇത് അന്വേഷണത്തിനു വിധേയമായ പ്രശ്നമാണ്. നിയമസമാധാനത്തിനുള്ള മെഷിനറി ഔദ്യോഗിക മെഷിനറിയാണ്. ഔദ്യോഗിക മെഷിനറി അന്വേഷണ വിധേയമാകുമ്പോഴും നിയമസഭാ സാമാജികൻമാർ തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടാകുമ്പോഴൊക്കെ നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളെ നിശ്ചയിച്ച് അഭിപ്രായം രൂപീകരിക്കണമെന്ന നിർദ്ദേശം അഭികാമ്യമല്ല. അതു സ്വീകരിക്കുകയാണെങ്കിൽ പലപ്പോഴും പല സന്ദർഭങ്ങളിലും അങ്ങനെ സ്വീകരിക്കേണ്ടിവരും. ഔദ്യോഗികമായ നിലപാടിനനുസരിച്ച് ഗവൺമെൻറ് തലത്തിൽ ചെയ്യുന്ന ഈ പ്രശ്നം ചർച്ചയ്ക്ക് വയ്ക്കുന്നതോ അല്ലെങ്കിൽ നിയമസഭാ കമ്മിറ്റി രൂപീകരിക്കുന്നത് ശരിയായിരിക്കുമോ എന്ന് ഒന്ന് അന്വേഷിക്കണം.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : ഈ ഗവൺമെൻറിന്റെ ഒഫിഷ്യൽ മെഷിനറി അന്വേഷിക്കുക എന്നുള്ളത് ഇന്ന് ഈ സംസ്ഥാനത്ത് നടക്കുന്നത്, പോലീസ് ആക്രമണത്തെ സംബന്ധിച്ച് ഞാൻ തന്നെയും മന്ത്രിക്കും മുഖ്യമന്ത്രിക്കും എഴുതിയിട്ടുള്ള കാര്യത്തിന് ഒരു പരിഹാരമല്ല. എന്തുകൊണ്ടെന്നാൽ ഈ പോലീസ് അക്രമം, ഭരണ കക്ഷികളും മന്ത്രിസഭ, ആഭ്യന്തരകാര്യമന്ത്രി ഇവരെല്ലാം കൂടിയിട്ടുതന്നെ കൽപ്പിച്ചുകൂട്ടി ചെയ്തിട്ടുള്ളതാണെന്നാണ് എന്റെ അഭിപ്രായം. ഈ സ്ഥിതിക്ക് നിങ്ങൾ അംഗീകരിക്കുകയില്ല, നിങ്ങൾ പറയുന്നത് ഞങ്ങളും അംഗീകരിക്കുകയില്ല. ആ സ്ഥിതിക്ക് ഇത് ഔദ്യോഗിക മെഷിനറിക്ക് വിട്ടുകൊടുക്കേണ്ടതല്ല. ഈ സംഗതിയെ സംബന്ധിച്ച് നിയമസഭാ മെമ്പറൻമാർ നേരിട്ടു കാണട്ടെ, ജനങ്ങൾ അറിയട്ടെ, ജനങ്ങൾ തീരുമാനിക്കട്ടെ.

ശ്രീ. ടി. എ. മജീദ്: മുമ്പ് ചെയ്തതുപോലെ അല്ലേ?

ശ്രീ. ഇ. ജോൺ ജേക്കബ്: വേറെ മെഷിനറി ഉണ്ട്. അവിശ്വാസ പ്രമേയം കൊണ്ടുവരാം.

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് : ഇന്നു നടക്കുന്നതിനെ സംബന്ധിച്ച് എന്താണ് സത്യമെന്നുള്ളത് എം. എൽ. എ.മാർ ഒന്നു പോയി പരിശോധിച്ച് ഫലം ജനങ്ങളെ അറിയിക്കട്ടെ, ജനങ്ങളാണല്ലോ അവസാനത്തെ വിധികർത്താക്കൾ. ഇതാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ജി. ഗോപിനാഥൻ പിള്ള: ഈ സംഭവം നടന്നത് എന്റെ നിയോജകമണ്ഡലത്തിനടുത്ത് ആയതുകൊണ്ട്.....

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, ഒരു പോയിൻറ് ആഫ് ആർഡർ. അതു തന്നെ തെറ്റാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: പോയിന്റ് ഓഫ് ആർഡറിന്റെ കുത്തക അവിടെ മാത്രമാണോ?

ശ്രീ. പി. കെ. കുഞ്ഞച്ചൻ: പന്തളം നിയോജക മണ്ഡലത്തിനടുത്താണ് സംഭവം, എന്റെ നിയോജകമണ്ഡലമെന്ന് ശ്രീ. ഗോപിനാഥൻപിള്ള പറഞ്ഞതു തെറ്റാണ് ?

ശ്രീ. ഇ. എം. ജോർജ്: നിയോജകമണ്ഡലം പോലും അറിയാൻ വയ്യാത്ത മെമ്പറൻമാർ ഇങ്ങനെ സംസാരിക്കുന്നത് സങ്കടമാണ്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. നിയോജകമണ്ഡലത്തെപ്പറ്റിയുള്ള തർക്കം വോട്ടുചെയ്ത ജനങ്ങളോടു ചോദിച്ചാലേ അറിയാൻ ഒക്കുകയുള്ളൂ; ആർക്കാണ് അവർ വോട്ടു ചെയ്തതെന്ന്. ഇവിടെ ഇരുന്നുകൊണ്ട് ഒന്നും പറഞ്ഞിട്ടു കാര്യമില്ല. ഏതായാലും ശ്രീ. ഗോപിനാഥൻ പിള്ള സംസാരിക്കട്ടെ.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ പോയി ഏത് എം.എൽ.എ. ആണെന്ന് തീരുമാനിക്കുന്നതിനെപ്പറ്റി അഭിപ്രായവ്യത്യാസമുണ്ട്. അതുകൊണ്ട് നിയമസഭയിലെ ഒരു കമ്മിറ്റിയെ വച്ച് അതൊന്ന് അന്വേഷിച്ചാൽ കൊള്ളാം.

ശ്രീ. ജി. ഗോപിനാഥൻ പിള്ള: ഈ സംഭവം നടന്നതിന്റെ പിറ്റേ ദിവസം ബഹുമാനപ്പെട്ട സ്നേഹിതൻമാർ ശ്രീ. കുഞ്ഞച്ചൻ ഉൾപ്പെടെയുള്ള ആളുകളെ ജാഥ നയിച്ചുകൊണ്ട് "പോലീസ് ഞങ്ങൾക്ക് പുല്ലാണ്" എന്നു പറഞ്ഞുകൊണ്ട് ജാഥ നടത്തിയത് ഞാൻ നേരിട്ടു കണ്ടതാണ്.

വിദ്യാഭ്യാസ മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ബഹുമാനപ്പെട്ട മെമ്പറൻമാർ ആ പക്ഷത്തിരിക്കുന്നവരും ഈ ഭാഗത്തിരിക്കുന്നവരും തമ്മിലും ആ പക്ഷത്തുള്ള മെമ്പറൻമാരും ഗവൺമെന്റിലുള്ള ആളുകളും തമ്മിലും ഇത്തരമൊരു സംഗതിയെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസമുണ്ടാവുക ഈ സഭയിൽ ഇന്നു മാത്രമല്ല നടന്നത്. മെമ്പറൻമാരെക്കൊണ്ട് സംഗതികളെ സംബന്ധിച്ച് അന്വേഷിക്കുന്നതിനെപ്പറ്റി ഇവിടെ പല പ്രാവശ്യവും പറയുകയുണ്ടായതാണ്. പൂഞ്ഞാർ സംഭവത്തെക്കുറിച്ച് ശ്രീ. ജോർജ്, ശ്രീ. മജീദ് തുടങ്ങിയ ആളുകൾക്ക് അഭിപ്രായമുണ്ടായിരുന്നു. എന്നു മാത്രമല്ല ഈ കാര്യങ്ങളെല്ലാം ഞാൻ നേരിട്ടു കാണുക എന്നുള്ളത് മനുഷ്യസാദ്ധ്യമായ കാര്യമല്ല. ഇപ്പോഴത്തെ കാലഘട്ടത്തിൽ പ്രായോഗികവുമല്ല. പണ്ട് ബഹുമാനപ്പെട്ട ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരുന്നപ്പോഴും അദ്ദേഹത്തിന് ഈ വിവരങ്ങൾ കിട്ടാനുള്ള മാർഗ്ഗങ്ങൾ തന്നെയാണ് എനിക്ക് ഇന്നുള്ളത്. ആ മാർഗ്ഗങ്ങളിലൂടെ എനിക്കു കിട്ടിയ വിവരങ്ങൾ പറഞ്ഞു. അതനുസരിച്ച് കേസെടുത്തിട്ടുണ്ട്. കേസ് ഇന്നു നിലവിലുള്ളതാണ്. ഇപ്പോഴും നടന്നതുപോലുള്ള ചർച്ചകളും ഇനിയും നടക്കാനിരിക്കുന്നുണ്ട്. ഈ സംഗതികളെ സംബന്ധിച്ച് ഇന്നയിന്നതാണ് വിവരമെന്നു പറഞ്ഞു. സത്യവുമായി പുലബന്ധംപോലുമില്ലെന്ന് ബഹുമാനപ്പെട്ട മെമ്പറൻമാർക്ക് പറയാം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ഇക്കാര്യത്തെ സംബന്ധിച്ച് നിയമസഭാകമ്മിറ്റി അന്വേഷിക്കണമെന്നുള്ള നിർദ്ദേശം ഞാൻ സ്വീകരിക്കുന്നില്ല. അങ്ങനെ പതിവില്ല. അതു സ്വീകാര്യമല്ല. ഇത് ഇന്നൊരു അടിയന്തിരപ്രമേയമായി ചർച്ച ചെയ്യേണ്ടതല്ല: കേസെടുത്തുകഴിഞ്ഞിരിക്കുന്ന സംഗതിയാണ്. നടപടികൾ ഗവൺമെന്റ് എടുത്തിട്ടുണ്ട്. ആവശ്യമായ നടപടികൾ ഗവൺമെന്റ് എടുത്തിട്ടുണ്ട് എന്ന നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് ഇപ്പോഴും ഉറച്ചുനിൽക്കുകയാണ്. ഈ നിലയിൽ ഇതൊരു അടിയന്തിരപ്രമേയമായി അനുവദിക്കേണ്ടതിൻെറ ആവശ്യമില്ലെന്നാണ് എൻെറ വിനീതമായ അഭിപ്രായം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് നിയമസഭാ കമ്മിറ്റി വേണമെന്നു പറഞ്ഞു. അതേപ്പറ്റി ഇപ്പോൾ ഞാൻ അഭിപ്രായമൊന്നും പറയേണ്ടതില്ല. അതിനെ സംബന്ധിച്ചിടത്തോളം ഇവിടെ സഭയിൽ അഭിപ്രായ ഐക്യം ഉണ്ടാകാത്ത സ്ഥിതിക്ക് ഈ സന്ദർഭത്തിൽ അതേപ്പറ്റി യൊന്നും പറയണമെന്ന് എനിക്ക് തോന്നുന്നില്ല. ഇത്തരം കാര്യങ്ങൾ വരുമ്പോൾ ഒരു നിയമസഭാകമ്മിറ്റി മുഖേന എന്തെങ്കിലും നടത്താൻ കഴിയുമോ എന്നുള്ളതിനെപ്പറ്റി താത്വികമായി ആലോചിക്കാം. അഭിപ്രായ ഐക്യം ഉണ്ടെങ്കിൽ എന്തു വേണമെങ്കിലും ചെയ്യാം. അഭിപ്രായ ഐക്യം ഇവിടെ ഇല്ല. ഗവൺമെൻറ് ഭാഗത്തുനിന്നും ചെയ്യേണ്ടതായ എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ടെന്നും അവിടെ ഇപ്പോൾ സ്ഫോടകാത്മകമായ അന്തരീക്ഷമൊന്നും ഇല്ലെന്നും ബഹുമാനപ്പെട്ട ആഭ്യന്തരകാര്യമന്ത്രി പറഞ്ഞിരിക്കുകയാണ്. ഏതെങ്കിലും ഇനി സന്ദർഭങ്ങൾ ഉണ്ടാവുകയാണെങ്കിൽ അതിനെ തടയാനുള്ള എല്ലാ നടപടികളും ഗവൺമെൻറ് എടുക്കുന്നുണ്ടെന്നും, എടുത്തിട്ടുണ്ടെന്നും പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് ഇതൊരു അടിയന്തിരപ്രമേയമായി ഇപ്പോൾ ചർച്ച ചെയ്യേണ്ടതിന് അനുവാദം നൽകുന്നില്ല.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഇത്തരം പ്രശ്നങ്ങളിൽ കഴിയുന്നത്ര സൗമനസ്യത്തോടുകൂടി പ്രവർത്തിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഞാൻ ഒരു നിർദ്ദേശം വച്ചു. ആ നിർദ്ദേശം പോലും സ്വീകരിക്കാതെ നാട്ടിലാകമാനം നടത്തിക്കൊണ്ടിരിക്കുന്ന ഈ മർദ്ദനം ഇനിയും തുടരുമെന്നുള്ള ദൃഢ നിശ്ചയത്തോടുകൂടി പ്രവർത്തിക്കാൻ പോവുകയാണ് ഈ ഗവൺമെൻറ് എന്നുള്ള സൂചനയിൽ പ്രതിഷേധിച്ചുകൊണ്ട്, ഈ നാട്ടിലെ ജനങ്ങളുടെ ഇടയിൽ ആകെയുള്ള അമർഷവും രോഷവും പ്രകടിപ്പിക്കുന്നതിനു വേണ്ടിയും ഞാനും എൻെറ പാർട്ടിയും ഇറങ്ങിപ്പോവുകയാണ്.

The hon. Member, followed by the Members of his party then walked out of the House.

ശ്രീ. കെ. കെ. അബു: സർ, ബ്രണ്ണൻ കോളേജ് അടച്ചിട്ടതിനെ സംബന്ധിച്ച് ഒരു അടിയന്തിരപ്രമേയം അവതരിപ്പിച്ചിരുന്നു. അതേപ്പറ്റി ഒന്നും പറഞ്ഞില്ല.

മി. സ്പീക്കർ: തലശ്ശേരി ബ്രണ്ണൻ കോളേജ് അടച്ചിട്ടതിനെ സംബന്ധിച്ച് ഓരോ പ്രമേയങ്ങൾ ശ്രീ. അബുവും, ശ്രീ. കണ്ണനും നോട്ടീസ് തന്നിട്ടുണ്ട്. കഴിഞ്ഞദിവസം ഇതിനെ സംബന്ധിച്ച്, റൂൾ 61 അനുസരിച്ച് ഒരു നോട്ടീസും കിട്ടിയിട്ടുണ്ട്. റൂൾ 61 അനുസരിച്ചുള്ള നോട്ടീസിനെക്കുറിച്ച് സംസാരിക്കാൻ നോട്ടീസു തന്ന ബഹുമാനപ്പെട്ട മെമ്പർക്ക് അനുമതി നൽകാമെന്നാണ് വിചാരിച്ചിരുന്നത്. ആ മെമ്പർ ഇപ്പോൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയിരിക്കുകയാണ്.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: ഞാൻ ഒരടിയന്തിരപ്രമേയത്തിന് നോട്ടീസ് തന്നിരുന്നു. മൂന്നുനാലു ദിവസത്തിനു മുമ്പ്.

മി. സ്പീക്കർ: അടിയന്തിരപ്രമേയത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഒരു ദിവസം ഒന്നേ എടുക്കാൻ കഴിയുകയുള്ളൂ. രണ്ടാമതൊരു അടിയന്തിരപ്രമേയം എടുക്കേണ്ട എന്ന സ്ഥിതിക്കാണ് ബ്രണ്ണൻ കോളേ

LIBRARY ARCHIVES Kerala Legislative Assembly

ജിനെക്കുറിച്ചു റൂൾ 61 അനുസരിച്ച് സംസാരിക്കാൻ അവസരം കൊടുക്കാമെന്നു വച്ചതാ. ആ മെമ്പർ ഇപ്പോൾ ഇവിടെ ഇല്ലാത്ത സ്ഥിതിക്ക് ഇപ്പോൾ അതെടുക്കാൻ സാധ്യമല്ല. അടുത്ത ദിവസം എടുക്കാം.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: പത്തറുപത്തേഴുപേരെ ചുട്ടുകരിച്ച ഒരു കാര്യത്തെക്കുറിച്ചാണ്. വളരെ അടിയന്തിരപ്രാധാന്യമുള്ള കാര്യമാണ്. ഞങ്ങളെപ്പോലുള്ള സ്വതന്ത്രൻമാർക്ക് അവസരം തന്നില്ലെങ്കിൽ പ്രയാസമാണ്. എന്റെ അടിയന്തിരപ്രമേയത്തിന് അനുമതി നൽകാഞ്ഞതിൽ എനിക്ക് പ്രയാസമുണ്ട്. അങ്ങയോടുള്ള ആദരവു നിലനിറുത്തിക്കൊണ്ടുതന്നെ ഇതിൽ പ്രതിഷേധിച്ച് ഞാനും വാക്കൗട്ടു നടത്തുകയാണ്.

The hon. Member walked out of the House.

മി. സ്പീക്കർ: എന്താണ് അടിയന്തിരപ്രമേയമെന്നുള്ളത് എനിക്ക് മനസ്സിലായില്ല. ഒരു ദിവസം ഒരടിയന്തിരപ്രമേയമേ എടുക്കാൻ കഴിയുകയുള്ളൂ. ശ്രീ. ചന്ദ്രസേനൻ എന്തിൽ പ്രതിഷേധിച്ചാണ് ഇറങ്ങിപ്പോയതെന്ന് എനിക്ക മനസ്സിലായില്ല.

ഇന്ന് വെള്ളിയാഴ്ചയാണ്. . വെള്ളിയാഴ്ചയായതുകൊണ്ട് പന്ത്രണ്ടര മണിക്ക് പിരിയേണ്ടതുണ്ട്. നന്ദി പ്രമേയത്തെ സംബന്ധിച്ചുള്ള ചർച്ച 12.20 ആകുമ്പോഴം നിറുത്തും. അതായതു ഏതിനെങ്കിലും വോട്ടിംഗ് ആവശ്യമായി വരികയാണെങ്കിൽ 12.30–ന് മേൽ നീണ്ടുപോകാതിരിക്കത്തക്കവണ്ണം 12.20–നു തന്നെ നിറുത്താമെന്ന് ബഹുമാനപ്പെട്ട മെമ്പറൻമാരെ എല്ലാവരെയും അറിയിക്കുകയാണ്.

LEGISLATIVE BUSINESS

Motion for Extension of Time

1. The Kerala Publicmen (Inquiries) Bill, 1968.

Minister for Education and Home (**Shri C. H. Muhammed Koya**): Sir, I move that the time for the presentation of the Report of the Select Committee on the Kerala Publicmen (Inquiries) Bill, 1968 be extended till March 31, 1970.

Industries Minister (**Shri P. Ravindran**): I second it. The motion was put and carried.

2. The Kerala Gaming (Amendment) Bill, 1969.

Minister for Education and Home (**Shri C. H. Muhammed Koya**): Sir, I move that the time for the presentation of the Report of the Select Committee on the Kerala Gaming (Amendment) Bill, 1969 be extended till March 31, 1970.

Industries Minister (**Shri P. Ravindran**): I second it. The motion was put and carried.

LIBRARY ARCHIVES Kerala Legislative Assembly